ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE : 15.03.2025

## പ്രധാന വാർത്തകൾ

TIME : 12.50 PM

1. മതപരമായ വിവേചനം, വിദ്വേഷം, അക്രമം എന്നിവയിൽ നിന്ന് ലോകത്തെ മുക്തമാക്കാൻ പ്രതിജ്ഞാബദ്ധമെന്ന് ഐക്യരാഷ്ട്ര സഭയിൽ ഇന്ത്യ.
   **India underlined that it is committed to free the world from religious discrimination, hatred and violence at the United Nations.**

2. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ അസമിൽ വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിച്ചു.
   **Union Home Minister Amit Shah launched multiple development projects in Assam today.**

3. യുക്രൈൻ വെടിനിർത്തൽ സംബന്ധിച്ച് റഷ്യയുമായി നടത്തിയ ചർച്ച ഫലപ്രദമെന്ന് അമേരിക്ക. യു.എസ് പ്രമേയം അംഗീകരിക്കണമെന്ന് റഷ്യയോട് ഫ്രഞ്ച് പ്രസിഡൻറ് ഇമ്മാനുവൽ മാക്രോൻ.
   **US lauded discussions with Russia regarding a US-proposed ceasefire in Ukraine as good and productive. French President Emmanuel Macron called on Russia to accept the proposal.**

4. കേരളത്തിൽ പകൽ താപനില ഉയരുന്നു. അൾട്രാവയലറ്റ് വികിരണത്തിൽ മൂന്നാറിലും കൊട്ടാരക്കരയിലും ഓറഞ്ച് ജാഗ്രത.
   **In Kerala, the day temperature is rising. Orange alert in Munnar and Kottarakkara over ultraviolet radiation.**

5. വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ്, ഡൽഹി ക്യാപിറ്റൽസ് കിരീട പോരാട്ടം.
   **In the Women's Premier League Cricket, Delhi Capitals will lock horns today with Mumbai Indians in the title clash.**

&&&&&&&&&&&&&&&&

## HEADLINE – 1
## UNSC - P. HARISH - INTRO

മതപരമായ വിവേചനം, വിദ്വേഷം, അക്രമം എന്നിവയിൽ നിന്ന് ലോകത്തെ മുക്തമാക്കാൻ പ്രതിജ്ഞാബദ്ധമാണെന്ന് ഐക്യരാഷ്ട്ര സഭയിൽ ഇന്ത്യയുടെ സ്ഥിരം പ്രതിനിധി പി ഹരീഷ്. എല്ലാ രാജ്യങ്ങളും പൗരന്മാരെ തുല്യമായി പരിഗണിക്കണമെന്നും മതപരമായ വിവേചനം പ്രോത്സാഹിപ്പിക്കരുതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ജമ്മുകശ്മീരിനെ കുറിച്ച് പാകിസ്ഥാൻ മുൻ വിദേശകാര്യ സെക്രട്ടറി നടത്തിയ പരാമർശങ്ങളെ അദ്ദേഹം വിമർശിച്ചു. പാകിസ്ഥാൻറെ അതിർത്തി കടന്നുള്ള ഭീകര പ്രവർത്തനങ്ങളെ ന്യായീകരിക്കാൻ ഇത്തരം പ്രസ്താവനകൾ മതിയാകില്ലെന്നും ശ്രീ പി ഹരീഷ് പറഞ്ഞു.

(ഹോൾഡ് വോയ്സ്)

&&&&&&&&&&&&&&&&

## HEADLINE – 2
## AMIT SHAH- ASSAM -MIZORAM

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് അസമിൽ നിരവധി വികസന പദ്ധതികൾക്ക് തുടക്കം കുറിച്ചു. ഗോലാഘട്ട് ജില്ലയിൽ ലച്ചിത് ബർഫുകാൻ പോലീസ് അക്കാദമിയുടെ ഉദ്ഘാടനവും പോലീസ് അക്കാദമിയുടെ ഭവന പദ്ധതികൾക്കുള്ള തറക്കല്ലിടലും ശ്രീ ഷാ നിർവഹിച്ചു.

തുടർന്ന് അദ്ദേഹം മിസോറാം സന്ദർശിക്കും. പുതിയ ക്രിമിനൽ നിയമങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപെട്ട് എട്ട് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരുമായി നാളെ അദ്ദേഹം ഗുവാഹത്തിയിൽ കൂടിക്കാഴ്ച നടത്തും.

&&&&&&&&&&&&&&&&

## ASHWINI VAISHNAV - TAMILNADU VISIT

കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് ഒരു ദിവസത്തെ തമിഴ്നാട് സന്ദർശനത്തിനായി ചെന്നൈയിലെത്തി. തിരുവള്ളൂരിൽ സെറ്റ്വർക്ക് ഇലക്ട്രോണിക്സിൻറെ പുതിയ കാമ്പസ് അദ്ദേഹം ഉദ്ഘാടനം ചെയ്യും. ഐഐടിയുടെ തായൂർ കാമ്പസിലെ ഹൈപ്പർലൂപ്പ് പോഡും ശ്രീ വൈഷ്ണവ് സന്ദർശിക്കും.

&&&&&&&&&&&&&&&&

## HEADLINE – 3
## UKRAINE CEASEFIRE DISCUSSION

യുക്രൈൻ വെടിനിർത്തൽ സംബന്ധിച്ച് റഷ്യൻ പ്രസിഡൻറ് വ്ലാഡിമിർ പുടിനുമായി നടത്തിയ ചർച്ച ഫലപ്രദമായിരുന്നു എന്ന് അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ്. യുഎസ് പ്രതിനിധി സ്റ്റീവ് വിറ്റ്കോഫ് റഷ്യൻ പ്രസിഡൻറുമായി മോസ്കോയിൽ ചർച്ച നടത്തുകയും തുടർന്ന് സമാധാനത്തിനായുള്ള അമേരിക്കൻ ശ്രമങ്ങളെ ക്രംലിൻ അഭിനന്ദിക്കുകയും ചെയ്തിരുന്നു. രക്തരൂക്ഷിതമായ യുദ്ധത്തിന് അറുതി വരുത്താനുള്ള ഏറ്റവും മികച്ച അവസരമാണ് ഇതെന്ന് ട്രംപ് സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&

## HEADLINE – 3(A)
## MACRON- CEASEFIRE DEAL

യുക്രൈനിൽ 30 ദിവസത്തെ വെടിനിർത്തൽ സംബന്ധിച്ച അമേരിക്കൻ പ്രമേയം അംഗീകരിക്കാൻ റഷ്യയോട് ആഹ്വാനം ചെയ്ത് ഫ്രഞ്ച് പ്രസിഡൻറ് ഇമ്മാനുവൽ മാക്രോൺ. യുക്രൈൻ പ്രസിഡൻറ് വോളോഡിമിർ സെലൻസ്കിയുമായും യു.കെ പ്രധാനമന്ത്രി കെയിർ സ്റ്റാമറുമായും താൻ ചർച്ച നടത്തിയതിൽ റഷ്യൻ പ്രതികരണം വൈകുന്നതിനേയും അദ്ദേഹം വിമർശിച്ചു. യുക്രൈനിനു മേലുള്ള റഷ്യൻ അക്രമം അവസാനിപ്പിക്കണമെന്നും അദ്ദേഹം പ്രതികരിച്ചു.

&&&&&&&&&&&&&&&&

## TRUMP-PUTIN

റഷ്യ- യുക്രെയിൻ യുദ്ധം അവസാനിക്കാൻ സാധ്യതയുണ്ടെന്ന് അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ്. റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുതിനുമായി ഇന്നലെ വിശദമായ ചർച്ചകൾ നടത്തിയതിന് ശേഷമാണ് ട്രംപിൻറ് പ്രസ്താവന.

&&&&&&&&&&&&&&&&

## PM - MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കി ബാത്' ഈ മാസം 30 ന്. പരിപാടിയുടെ 120-ാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശൻ്റെയും എല്ലാ ശൃംഖലകളിലും പരിപാടി ലഭ്യമാകും. ഹിന്ദി പ്രക്ഷേപണം കഴിഞ്ഞാലുടൻ പ്രാദേശിക ഭാഷകളിൽ 'മൻ കി ബാത്'

കേൾക്കാം. പരിപാടിയിലേക്കുള്ള ജനങ്ങളുടെ ആശയങ്ങളും അഭിപ്രായങ്ങളും ഈ മാസം 28 വരെ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പർ, Narendra Modi App, MyGov Open Forum എന്നിവയിലൂടെ സമർപ്പിക്കാവുന്നതാണ്.

&&&&&&&&&&&&&&&&

## JOSHI-CONSUMER RIGHTS

തെറ്റായ വാഗ്ദാനങ്ങളിൽ നിന്നും ഉപഭോക്താക്കളെ സംരക്ഷിക്കുന്നതിനും ഉപഭോക്തൃ അവകാശങ്ങൾ സംബന്ധിച്ച് അവബോധം വർദ്ധിപ്പിക്കാനും സർക്കാർ പ്രതിജ്ഞാബദ്ധമെന്ന് കേന്ദ്രമന്ത്രി പ്രൽഹാദ് ജോഷി. ലോക ഉപഭോക്തൃ സംരക്ഷണ ദിനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച വെബിനാറിനെ വീഡിയോ കോൺഫറൻസിലൂടെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഉപഭോക്തൃ സംരക്ഷണം ഇ- കൊമേഴ്സ് നിയമം 2020ന് അനുസൃതമായി പരാതി പരിഹാര സംവിധാനം ശക്തിപ്പെടുത്തിയതായും ശ്രീ പ്രൽഹാദ് ജോഷി പറഞ്ഞു. സുസ്ഥിര ജീവിതശൈലിയിലേക്കുള്ള നീതിയുക്തമായ പരിവർത്തനം എന്നതാണ് ഈ വർഷത്തെ ലോക ഉപഭോക്തൃ സംരക്ഷണ ദിന പ്രമേയം.

&&&&&&&&&&&&&&&&

## VIKSIT BHARAT - YOUTH PARLIAMENT

കേന്ദ്ര യുവജന കാര്യകായിക മന്ത്രാലയം സംഘടിപ്പിക്കുന്ന വികസിത് ഭാരത് യൂത്ത്പാർലമെൻറ് മത്സരങ്ങളുടെ രജിസ്ട്രേഷൻ നാളെ അവസാനിക്കും. 18നും 25നും

ഇടയിൽ പ്രായമുള്ള യുവതീയുവാക്കൾക്ക് പങ്കെടുക്കാം. 'വികസിത ഭാരതം എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?' എന്ന വിഷയത്തിൽ ഒരു മിനിറ്റ് ദൈർഘ്യമുള്ള പ്രസംഗ വീഡിയോ പോർട്ടലിൽ അപ് ലോഡ് ചെയ്താണ് രജിസ്റ്റർ ചെയ്യേണ്ടത്.

&&&&&&&&&&&&&&&&

## HEADLINE – 4
## KERALA TEMPERATURE

കേരളത്തിൽ ചൂട് കൂടുന്നു. രാവിലെ 11 മണി മുതൽ വൈകുന്നേരം 3 മണി വരെ നേരിട്ട് സൂര്യപ്രകാശം ഏൽക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് മുന്നറിയിപ്പുണ്ട്. 10 ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. പാലക്കാട്, തൃശൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ ഇന്ന് താപനില 40 ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയുണ്ട്.

&&&&&&&&&&&&&&&&

## IDUKKI - TEMPERATURE - INTRO

അൾട്രാവയലറ്റ് വികിരണ സൂചികയിൽ കഴിഞ്ഞ 24 മണിക്കൂറിൽ ഉയർന്ന ലെവൽ രേഖപ്പെടുത്തിയത് കേരളത്തിലെ രണ്ടിടങ്ങൾ. പകൽ താപനില വർധിക്കുന്ന സാഹചര്യത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ജാഗ്രതാ നിർദേശങ്ങൾ പുറപ്പെടുവിച്ചു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടു ക്കി ജില്ലാ പ്രതിനിധി രതീഷ് കൃ ഷ്ണ...**

(വോയ്സ്)

&&&&&&&&&&&&&&&&

## HEADLINE – 5
## WPL

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് ഫൈനലിൽ ഇന്ന് മുംബൈ ഇന്ത്യൻസ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും. മുംബൈ ബ്രാബോൺ സ്റ്റേഡിയത്തിൽ രാത്രി 8 മണിക്കാണ് മത്സരം. തുടർച്ചയായ മൂന്നാം ഫൈനലിനാണ് ഡൽഹി കളിക്കളത്തിൽ ഇറങ്ങുന്നത്. രണ്ടാം കിരീട നേട്ടമാണ് മുംബൈ ഇന്ത്യൻസിൻറെ ലക്ഷ്യം.

**&&&&&&&&&&&&&&&&**

## MORN. CANADA-PM

കാനഡയുടെ പുതിയ പ്രധാനമന്ത്രിയായി മാർക്ക് കാർണി സത്യപ്രതിജ്ഞ ചെയ്തു. ഒട്ടാവയിൽ നടന്ന ചടങ്ങിൽ കാനഡയുടെ രാഷ്ട്രത്തലവനായ ചാൾസ് രാജാവിൻറെ പ്രതിനിധി ഗവർണർ ജനറൽ മേരി സൈമൺ പങ്കെടുത്തു. ഒമ്പത് വർഷമായി അധികാരത്തിലിരുന്ന ജസ്റ്റിൻ ട്രൂഡോയ്ക്ക് പകരമാണ് കാർണി എത്തുന്നത്.

**&&&&&&&&&&&&&&&&**

## SPACEX-SUNITA WILLIAMS

ഒമ്പത് മാസമായി അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ തങ്ങുന്ന യുഎസ് ബഹിരാകാശയാത്രികരായ സുനിത വില്യംസിനെയും ബുച്ച് വിൽമോറിനെയും തിരികെ ഭൂമിയിലേക്ക് എത്തിക്കാനുള്ള ദൗത്യം ആരംഭിച്ചു. സ്പേസ് എക്സും നാസയും സംയുക്തമായാണ് ദൗത്യം നടപ്പിലാക്കുന്നത്. ഇതിൻറെ ഭാഗമായി സ്പേസ് എക്സ് ക്രൂ - 10 വിക്ഷേപിച്ചു. ഇന്നു പുലർച്ചെ ഇന്ത്യൻ സമയം 4.33 ന് ഫ്ളോറിഡയിലെ

കെന്നഡി സ്പേസ് സെൻററിൽ നിന്നായിരുന്നു വിക്ഷേപണം.

&&&&&&&&&&&&&&&&

## FOREX RESERVES

ഇന്ത്യയുടെ വിദേശനാണ്യ കരുതൽ ശേഖരം 1,500 കോടി ഡോളർ ഉയർന്ന് 653.96 ബില്യൺ ഡോളറിലെത്തി. റിസർവ് ബാങ്ക് പുറത്തിറക്കിയ പ്രതിവാര കണക്കനുസരിച്ചാണിത്. കരുതൽ ശേഖരത്തിന്റെ പ്രധാന ഘടകമായ വിദേശ കറൻസി ആസ്തികളിൽ 13.93 ബില്യൺ ഡോളർ വർധനയുണ്ട്.

&&&&&&&&&&&&&&&&

## KHADI - KERALA

കേരളത്തിൽ ഖാദി തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്യാനായി 2.44 കോടി രൂപ അനുവദിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ. 12,500 തൊഴിലാളികൾക്കാണ് ആനുകൂല്യം ലഭിക്കുക.

&&&&&&&&&&&&&&&&

## TRANSGENDER FEST

ഈ വർഷത്തെ സംസ്ഥാനതല ട്രാൻസ്ജെൻഡർ ഫെസ്റ്റ് 'വർണ്ണപ്പകിട്ടി'നു നാളെ തുടക്കമാകും. ഫെസ്റ്റിൻറെ ഔപചാരിക ഉദ്ഘാടനം നാളെ മന്ത്രി ആർ ബിന്ദു നിർവ്വഹിക്കും. നാളെയും മറ്റന്നാളുമായി തിരുവനന്തപുരം കനകക്കുന്ന് നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടക്കുന്ന ഫെസ്റ്റിൽ വിവിധ ജില്ലകളിൽ നിന്നുള്ള ട്രാൻസ്ജെൻഡർ വ്യക്തികളുടെ കലാപരിപാടികൾ അരങ്ങേറും.

**&&&&&&&&&&&&&&&&**

## GOLD RATE

സ്വർണവില കുറഞ്ഞു. പവന് 80 രൂപ കുറഞ്ഞ് 65,760 രൂപയും, ഗ്രാമിന് 10 രൂപ കുറഞ്ഞ് 8,220 രൂപയുമാണ് ഇന്നത്തെ വില.

**&&&&&&&&&&&&&&&&**

## PARAGLIDING FESTIVAL

അന്താരാഷ്ട്ര പാരാഗ്ലൈഡിംഗ് ഫെസ്റ്റിവൽ ഈ മാസം 19 മുതൽ 23 വരെ വാഗമണിൽ നടക്കും. 11 രാജ്യങ്ങളിൽ നിന്നുള്ള എൺപത്തിയാറ് പേർ പങ്കെടുക്കും. ഇൻറർനാഷണൽ ടോപ്പ് ലാൻഡിംഗ് അക്യുറസി കപ്പ് ഉൾപ്പെടെ ആറ് മത്സര വിഭാഗങ്ങളാണ് ഉള്ളത്. ഓവറോൾ, വിമൻസ്, ടീം, ഇന്ത്യൻ ഓവറോൾ, ഇന്ത്യൻ വിമൻസ്, ജൂനിയർ ഡിവിഷനുകൾ ഉൾപ്പെടെ വിവിധ വിഭാഗങ്ങളിലായി പാരാഗ്ലൈഡിംഗ് അക്യുറസി മത്സരങ്ങൾ നടക്കും.

**&&&&&&&&&&&&&&&&**

## GOLDEN TEMPLE-ATTACK

പഞ്ചാബിൽ സുവർണ്ണ ക്ഷേത്രത്തിലെ ഗുരു രാം ദാസ് സെറായിയിൽ ഇന്നലെ ആക്രമണമുണ്ടായി. ആക്രമണത്തിൽ ശിരോമണി ഗുരുദ്വാര പ്രബന്ധക് കമ്മിറ്റിയിലെ രണ്ട് സേവാദർമാർ ഉൾപ്പെടെ നാല് പേർക്ക് പരിക്കേറ്റു. അക്രമിയെ പിടികൂടി പോലീസിന് കൈമാറി. ഹരിയാനയിലെ ഷാദിപൂരിൽ നിന്നുള്ള

ഗൾഫാൻ എന്നയാളാണ് പിടിയിലായതെന്ന് അമൃത്സർ പോലീസ് അറിയിച്ചു.

&&&&&&&&&&&&&&&&

# MAHARASHTRA - SURYA GHAR YOJANA

രാജ്യത്ത് പ്രധാൻമന്ത്രി സൂര്യ ഘർ യോജന പ്രകാരം ഒരു ലക്ഷത്തി 92,936 സൗരോർജ്ജ പദ്ധതികൾ സ്ഥാപിച്ച് മഹാരാഷ്ട്ര രണ്ടാം സ്ഥാനത്ത്. മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസ് സമൂഹമാധ്യമത്തിലൂടെയാണ് ഇക്കാര്യം അറിയിച്ചത്. കഴിഞ്ഞ വർഷം ഫെബ്രുവരി 13 ന് ആരംഭിച്ച പദ്ധതിയിൽ ഈ വർഷം മാർച്ച് 10 വരെ രാജ്യത്തുടനീളം ആകെ പത്ത് ലക്ഷത്തി 9,000 സൗരോർജ്ജ സംവിധാനമാണ് സ്ഥാപിച്ചത്. 2026 -27 ൽ ഒരു കോടി കുടുംബങ്ങൾക്ക് പ്രധാൻമന്ത്രി സൂര്യഗൃഹ് യോജനയുടെ പ്രയോജനം ലഭ്യമാക്കുകയാണ് ലക്ഷ്യം.

&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&